## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 53 06.03.2012 ന് മറുപടിക്ക്

# പാട്ടത്തിനെടുത്ത എസ്റ്റേറ്റ് ഭൂമിയുടെ ദുരുപയോഗവും, പാട്ടക്കരാർ ലംഘനങ്ങളും

ചോദ്യം

ശ്രീ. പി.ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി
,, പി. ഉബൈദുള്ള
,, എം. ഉമ്മർ

ഉത്തരം

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

(എ) പാട്ടത്തിനെടുത്ത എസ്റ്റേറ്റ് ഭൂമിയുടെ ദുരുപയോഗവും, പാട്ടക്കരാർ ലംഘനങ്ങളും വ്യാപകമാകുന്ന സ്ഥിതി വിശേഷം പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകാമോ;

(എ) നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതി റെയിഞ്ചിൽ പാട്ടത്തിന് നൽകിയ വന ഭൂമിയുടെ ദുരുപയോഗവും, പാട്ടക്കരാർ ലംഘനങ്ങളും വ്യാപകമായ സ്ഥിതിവിശേഷം പരിശോധിക്കുകയും, പാട്ടക്കരാർ ലംഘനങ്ങളും വനനിയമങ്ങളുടെ ലംഘനങ്ങളും നടത്തിയതും പാട്ടക്കാലാവധി കഴിഞ്ഞതുമായ താഴെ പറയുന്ന എസ്റ്റേറ്റുകൾ സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

| എസ്റ്റേറ്റിന്റെ പേര് | വിസ്തൃതി (ഏക്കർ) | ഏറ്റെടുത്തതിന്റെ കാരണം |
|---|---|---|
| റോസറി | 242.69 | പാട്ടക്കാലാവധി കഴിഞ്ഞു |
| ബീയാട്രീസ് | 246.26 | കരാർ ലംഘനം |
| ക്ളിഫ്വ്യൂ (2 ബിറ്റുകൾ) | 19.82 | പാട്ടക്കാലാവധി കഴിഞ്ഞു |
| തൂത്തമ്പാറ | 351.36 | പാട്ടക്കാലാവധി കഴിഞ്ഞു |
| മീരാഫ്ളോറസ് | 486.63 | കരാർ ലംഘനം |

കൂടാതെ താഴെപ്പറയുന്ന തോട്ടങ്ങൾ സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുക്കുന്നതിനായുള്ള ശുപാർശ ലഭിച്ചിട്ടുണ്ട്.

| എസ്റ്റേറ്റിന്റെ പേര് (വിസ്തൃതി ഏക്കറിൽ) | ഏറ്റെടുത്തതിന്റെകാരണം |
|---|---|
| മോങ്ക് വുഡ് (232.82) രാജക്കാട് (288.85) | വിദേശികൾ നേതൃത്വം നൽകിയിരുന്ന NCHS എന്ന സ്ഥാപനത്തിന് അനധികൃതമായി പാട്ടഭൂമി കൈമാറ്റം നടത്തി മുതലായ കുറ്റത്തിന് |
| കാരപ്പാറ എ (541.37) | അനധികൃത കൈമാറ്റം, അനധികൃത ടൂറിസം, 2 വനം കുറ്റകൃത്യങ്ങൾ നിലവിലുണ്ട്. |
| കാരപ്പാറ ബി (കൈരളി) (577.12) | അനധികൃത കൈമാറ്റം, 2 വനം കുറ്റകൃത്യങ്ങൾ നിലവിലുണ്ട് |
| ഷെർനെല്ലി ലോവർ (250.00) | അനധികൃത കൈമാറ്റം, 10 വനം കുറ്റകൃത്യങ്ങൾ നിലവിലുണ്ട്, പാട്ടഭൂമി പണയപ്പെടുത്തി മുതലായവ |
| അലക്സാണ്ട്രിയ എ (8 ബിറ്റുകൾ), ബി (6 ബിറ്റുകൾ) &ബ്രൂക്ക്‌ലാന്റ് എസ്റ്റേറ്റ്(751.75) | അനധികൃത കൈമാറ്റം |
| ബീയാട്രീസ് (33.68) | പാട്ടക്കരാർ നിലവിലില്ല |
| ചന്ദ്രാമല (5 ബിറ്റുകൾ) (808.41) | അനധികൃത കൈമാറ്റം, കയ്യേറ്റം, അനധികൃതമായി റിസോർട്ട് നിർമ്മിക്കൽ തുടങ്ങിയവ |
| **ആകെ 3484.00 ഏക്കർ** | |

നിലമ്പൂർ നോർത്ത് മണ്ണാർക്കാട് എന്നീ ഡിവിഷനുകളിൽ പ്ലാന്റേഷൻ കോർപ്പറേഷന് പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിക്ക് പാട്ടക്കുടിശ്ശിക അടയ്ക്കാത്തതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകളുടെ കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പാട്ടക്കരാർ അവസാനിച്ചതും പാട്ട ലംഘനം നടത്തിയതിനെത്തുടർന്ന് സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്തതുമായ നെന്മാറ വനം ഡിവിഷനിലെ തോട്ടങ്ങളിലെ നാണ്യവിളകൾ ശേഖരിക്കുന്നതിനായി തോട്ടങ്ങൾ കെ. എഫ്. ഡി. സി ക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്. ടി തോട്ടങ്ങൾക്ക് വനം വകുപ്പ് സംരക്ഷണം നൽകിവരുന്നു.

(സി) വ്യവസ്ഥകൾക്കു വിരുദ്ധമായി പാട്ടഭൂമി വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പാട്ട വ്യവസ്ഥകൾക്കു വിരുദ്ധമായി പാട്ടത്തിന് നൽകിയ വനഭൂമി അനധികൃതമായി കൈമാറ്റം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം എസ്റ്റേറ്റുകൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മോങ്ക് വുഡ്<br>രാജക്കാട് | എസ്റ്റേറ്റ് അധികൃതർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി യിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| കാരപ്പാറ എ<br>കാരപ്പാറ ബി (കൈരളി) | തോട്ടം അധികൃതർക്കെതിരെ പാട്ട ലംഘനത്തിന് കാരണം കാണിക്കാനുള്ള നോട്ടീസ് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. |
| ഷെർനെല്ലി ലോവർ | എസ്റ്റേറ്റ് അധികൃതർക്ക് കാരണം ബോധിപ്പിക്കുവാൻ 31.01.2012 ന് സർക്കാർ ഹിയറിംഗ് നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| അലക്സാണ്ട്രിയ എ (8 ബിറ്റുകൾ), ബി (6 ബിറ്റുകൾ) & ബ്രൂക്ക്‌ലാന്റ് എസ്റ്റേറ്റ് | തോട്ടം അധികൃതർക്കെതിരെ പാട്ടലംഘനത്തിന് കാരണം കാണിക്കാനുള്ള നോട്ടീസ് നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ബിയാട്രീസ് | എസ്റ്റേറ്റ് അധികൃതർക്ക് കാരണം കാണിക്കാനുള്ള നോട്ടീസ് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| ചന്ദ്രാമല (5 ബിറ്റുകൾ) | എസ്റ്റേറ്റ് തിരിച്ചെടുക്കാനുളള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

(ഡി) വനം വകുപ്പിന്റെ കീഴിൽ പാട്ടത്തിനു നൽകിയിട്ടുള്ള എസ്റ്റേറ്റുകളുടെയെല്ലാം വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്താനും, പാട്ടക്കരാർ രേഖകളുമായി ഒത്തുനോക്കി അപാകതകൾ കണ്ടെത്തി നടപടി സ്വീകരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ?

(ഡി) നെന്മാറ ഡിവിഷനിലെ നെല്ലിയാമ്പതിയിൽ 52 എസ്റ്റേറ്റുകൾ വിവിധ കാലഘട്ടങ്ങളിലായി പാട്ടത്തിന് കൊടുത്തിട്ടുണ്ട്. ഇവയിൽ റോസറി, ബിയാട്രീസ്, ക്ളിഫ് വ്യൂ, തൂത്തംപാറ, ഷെർനെല്ലി അപ്പർ, മീരാഫ്ളോറസ് തുടങ്ങിയ എസ്റ്റേറ്റുകൾ സർക്കാരിലേയ്ക്ക് തിരികെ ഏറ്റെടുത്തിട്ടുണ്ട്. 20 എസ്റ്റേറ്റുകളുടെ പാട്ടത്തുക പുതുക്കി നിശ്ചയിച്ചിട്ടുമുണ്ട്. മറ്റുള്ള എസ്റ്റേറ്റുകളുടെ വിസ്തൃതി അളന്നു തിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ സർവ്വെയർമാരുടെ അപര്യാപ്തത മൂലം സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്.